നിങ്ങളുടെ അഗ്നി നരകാഗ്നിയുടെ എഴുപത്
ഭാഗങ്ങളിലൊന്നാണ്
ُه عَنُْه- റൈറുഹ ൂഅബ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറയുന്നു: "നിങ്ങളുടെ അഗ്നി നരകാഗ്നിയുടെ
എഴുപത് ഭാഗങ്ങളിലൊന്നാണ്." അപ്പോൾ നബി -صلى الله عليه وسلم- യോട് ചിലർ ചോദിച്ചു: "അല്ലാഹുവിൻ്റെ
റസൂലേ! അത് തന്നെ മതിയാകുമല്ലോ?!" നബി -صلى الله عليه وسلم- പറഞ്ഞു: "എന്നാൽ (ഭൂമിയിലെ) അഗ്നിയേക്കാൾ
അറുപത്തി ഒൻപത് ഭാഗം (ചൂട്) അതിന് അധികമായി നൽകപ്പെട്ടിരിക്കുന്നു. ഓരോ ഭാഗവും
ഭൂമിയിലെ തീയുടെ ചൂടിന് തുല്യമാണ്."
[صحيح] [متفق عليه]
ഭൂമിയിലെ അഗ്നി നരകാഗ്നിയുടെ എഴുപത് ഭാഗങ്ങളിൽ ഒന്നാണെന്ന് നബി -صلى الله عليه وسلم- അറിയിക്കുന്നു.
പരലോകത്തിലെ നരകാഗ്നിയുടെ ചൂടിൻ്റെയും ഉഷ്ണത്തിൻ്റെയും കാഠിന്യം ഇഹലോകത്തുള്ള
ചൂടിൻ്റെ അറുപത്തി ഒൻപത് തവണ കവച്ചു വെക്കുന്നു എന്നർത്ഥം. അതിലെ ഓരോ തവണയും ഭൂമിയിലെ
ചൂടിന് തുല്യമായിരിക്കും. ഇത് കേട്ടപ്പോൾ സ്വഹാബികളിൽ ചിലർ ചോദിച്ചു: "അല്ലാഹുവിൻ്റെ
റസൂലേ! ഇഹലോകത്തുള്ള ചൂട് തന്നെ അതിൽ പ്രവേശിക്കുന്നവർക്ക് മതിയാകുവോളമുണ്ടല്ലോ?!"
നബി -صلى الله عليه وسلم- പറഞ്ഞു: "എന്നാൽ നരകത്തീയുടെ ചൂടിന് ഭൂമിയിലെ തീയുടെ ചൂട് അറുപത്തി ഒൻപത് തവണ
ഇരട്ടിയാക്കിയാലുള്ള ഉഷ്ണമുണ്ടായിരിക്കും. ഓരോ ഭാഗവും നരകത്തിലെ തീയുടെ ചൂടിന്
തുല്യമായ ചൂടുള്ളതായിരിക്കുന്നതാണ്.
https://sunnah.global/hadeeth/ml/show/65036